പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 538 — 26.04. 2017 ൽ മറുപടിക്ക്

# കോയിക്കര മാതൃുവിന് നഷ്ടപരിഹാരം നൽകാൻ നടപടി.

ചോദ്യം

ശ്രീ.പി.ടി.തോമസ്.

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) മലപ്പുറം ജില്ലയിലെ വഴിക്കടവ് മാമാങ്കര പ്രദേശത്തു കോയിക്കര മാതൃു എന്നയാൾ 2016 ഫെബ്രുവരി മാസത്തിൽ വൈദ്യുതാഘാതമേറ്റ മരണമടഞ്ഞത് സംബന്ധിച്ച ഇലക്ട്രിസിറ്റി ബോർഡിനു ലഭിച്ചിട്ടുള്ളപരാതിയുടെ വിശദാംശം നൽകാമോ: | (എ) വഴിക്കടവ് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് പരിധിയിൽ മാമാങ്കര കാളപ്പൂട്ടുകണ്ടം എന്ന സ്ഥലത്ത് ശ്രീ. മാതൃു എന്നയാൾ തന്റെ ഉടമസ്ഥതയിലുള്ള കൃഷി സ്ഥലത്ത് മരിച്ചു കിടക്കുന്നത് കണ്ടെത്തിയത് സംബന്ധിച്ച് എടക്കര ഇലക്ട്രിക്കൽ സബ് ഡിവിഷൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി വ്യക്തിയുടെ ശരീര ഭാഗങ്ങളിൽ പൊള്ളലേറ്റിട്ടുള്ളതായി കാണപ്പെട്ടതായും റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. ടി വ്യക്തി മരണപ്പെട്ടത് കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ പ്രതിഷ്ഠാപനത്തിൽ നിന്നുമാണോ മറ്റേതെങ്കിലും രീതിയിൽ വൈദ്യുതാ ഘാതമേറ്റിട്ടാണോ എന്നതും, യഥാർത്ഥ മരണകാരണവും റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ല. |
| (ബി) ഇദ്ദേഹത്തിന്റെ കുടുംബത്തിന് നഷ്ടപരിഹാരം നൽകുന്ന കാര്യം ബോർഡിന്റെ പരിഗണനയിലുണ്ടോ വിശദാംശം നൽകാമോ? ഇല്ലെങ്കിൽ ഇദ്ദേഹത്തിന്റെ കുടുംബത്തിന് നഷ്ടപരിഹാരം നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | (ബി) അറിവില്ലായ്മ മൂലവും, അശ്രദ്ധ കാരണവും. മന:പ്പൂർവ്വമല്ലാത്ത പ്രവൃത്തി മൂലവും കെ.എസ്.ഇ.ബി ലിമിറ്റഡ് എന്ന പ്രതിഷ്ഠാപനത്തിൽ നിന്നും പൊതുജനങ്ങൾ വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന സാഹചര്യത്തിൽ നിലവിലെ നിയമമനുസരിച്ച് വ്യവസ്ഥകൾക്ക് വിധേയമായി ആശ്വാസ ധനസഹായം അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്.<br>ടി അപകടം സംബന്ധിച്ച് മറ്റു രേഖകൾ കൂടി ലഭ്യമാക്കുന്ന മുറയ്ക്ക് (പോലീസ് എഫ്.ഐ.ആർ, ഇൻക്വസ്റ്റ് റിപ്പോർട്ട്, പോസ്റ്റ് മോർട്ടം റിപ്പോർട്ട്) നിലവിലെ ബോർഡ് ഉത്തരവിലെ വ്യവസ്ഥകൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി വൈദ്യുതി സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി ആശ്വാസ ധനസഹായം അനുവദിക്കുന്നതിന് അർഹത പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ